വാളയാർ സിമൻറു ഫാക്ടറിയുടെ പ്രവർത്തന പുരോഗതി

757 [1112] ശ്രീ. ടി. കെ. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാളയാർ സിമൻറു ഫാക്ടറിയുടെ പ്രവർത്തന പുരോഗതി എന്തെന്നു വ്യക്തമാക്കാമോ;

(ബി) എന്നേയ്ക്ക് ഉൽപ്പാദനം തുടങ്ങാൻ കഴിയുമെന്നാണ് പ്രതീക്ഷ;

(സി) എത്ര മൂലധനം മുടക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) എത്ര പേർക്ക് തൊഴിൽ നൽകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്?

ഉത്തരം

(എ) ഏപ്രിൽ 1978-ൽ മലബാർ സിമൻറു ലിമിറ്റഡ് എന്ന പേരിൽ ഒരു കമ്പനി നിലവിൽ വരികയും 6 ബോർഡ് ഓഫ് ഡയറക്ടറേഴ്സിനെ നിയമിക്കുകയും ചെയ്തു. കമ്പനി സ്ഥാപിക്കാനും ഖനനം നടത്താനും മറ്റുമായിട്ടുള്ള സ്ഥലമെടുപ്പു നടപടികൾ പൂർത്തിയായി വരുന്നു. പ്രോജക്ട് മാനേജർ, മൈൻസ് മാനേജർ, മൈൻസ് സർവ്വയർ, സെക്രട്ടറി, അക്കൗണ്ട്സ് ഓഫീസർ തുടങ്ങിയ തസ്തികകളിലേക്കുള്ള നിയമനങ്ങൾ നടന്നു. മൈനിങ്ങ് പ്ലാൻ തയ്യാറാക്കാനായി ഇൻഡ്യൻ ബ്യൂറോ ഓഫ് മൈൻസിനെ ചുമതലപ്പെടുത്തിക്കഴിഞ്ഞു. മൈനിംങ്ങിനും മറ്റും വേണ്ടി വരുന്ന യന്ത്രസാമഗ്രികൾക്കും മറ്റും ആയിട്ട് ടെൻഡർ കൊടുത്തു കഴിഞ്ഞു. റോഡ്, വെള്ളം, കറണ്ട് മുതലായവയ്ക്കു വേണ്ടിയുള്ള നടപടികളും പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

(ബി) 1981–82-ൽ ഉൽപ്പാദനം തുടങ്ങാമെന്നു പ്രതീക്ഷിക്കുന്നു.

(സി) 34 കോടി രൂപ ചെലവാകുമെന്നു പ്രതീക്ഷിക്കുന്നു.

(ഡി) 1000 പേർക്ക് നേരിട്ടും 1000 പേർക്ക് അല്ലാതെയും ജോലി നൽകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

സംസ്ഥാന വനങ്ങളിലെ കടുവകൾ

758 [1113] ശ്രീ. സി. എ. കുര്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനങ്ങളിൽ കടുവകൾ ഉണ്ടോ;

(ബി) ഉണ്ടെങ്കിൽ അവയുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ;

(സി) തേക്കടി ടൈഗർ പ്രോജക്ടിന് വികസനത്തിന് എന്തെങ്കിലും പദ്ധതികളുണ്ടോ; ഉണ്ടെങ്കിൽ എന്താണ്?

LIBRARY ARCHIVES Kerala Legislative Assembly